# വിഷൻ -26

## ACADEMIC MASTER PLAN
## 2025-26

## RRRM GUPS KEEKAN

| Sl.No | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | |
| 2. | ലക്ഷ്യങ്ങൾ | |
| 3. | നിലവിലെ അവസ്ഥാ വിശകലനം | |
| 4. | മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ | |
| | * മലയാളം | |
| | * ഇംഗ്ലീഷ് | |
| | * ഗണിതം | |
| | * അടിസ്ഥാന ശാസ്ത്രം | |
| | * സാമൂഹ്യ ശാസ്ത്രം | |
| | * ഹിന്ദി | |
| | * അറബിക് | |
| | * കലാവിദ്യാഭ്യാസം, കായികവിദ്യാഭ്യാസം | |
| | * പ്രവൃത്തി പരിചയം | |
| | * സാമൂഹിക പങ്കാളിത്തം | |
| | * ഭിന്നശേഷിക്കാർ - വിദ്യാലയ സമീപനം | |
| | * പഠന നേട്ടങ്ങൾ-വിലയിരുത്തൽ | |
| | * പ്രീപ്രൈമറി പഠനം | |
| | * ടാലന്റ് ലാബ് | |
| | * ഉപസംഹാരം | |

# ആമുഖം

കാസർഗോഡ് ജില്ലയിലെ ബേക്കൽ സബ് ജില്ലയിലെ പള്ളിക്കര പഞ്ചായത്തിൽ കീക്കാൻ പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന കീക്കാൻ ആർ.ആർ.എം.ജി.യു.പി.എസ്. 1905 ലാണ് സ്ഥാപിതമായത്. കീക്കാൻ നിവാസികൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകി വരുന്ന ഈ വിദ്യാലയത്തിന് 112 വർഷത്തെ പാരമ്പര്യമുണ്ട്.

അന്തരിച്ച ശ്രീ.പി. രാമചന്ദ്രറാവു നിർമ്മിച്ച ഈ വിദ്യാലയം തുടക്കത്തിലത് കന്നട മീഡിയം മാത്രമുള്ള ഒരു ലോവർ പ്രൈമറി വിദ്യാലയമായിരുന്നു. തുടർന്ന് നാട്ടുകാരുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് മലയാളം മീഡിയവും പിന്നീട് ആരംഭിക്കുകയുണ്ടായി. ദക്ഷിണ കന്നട ജില്ല ബോർഡിന്റെ കീഴിലായിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടുകൂടി ശ്രീ രാമചന്ദ്രറാവു സ്വമനസ്സാലെ പുതിയ ഒരു കെട്ടിടവും നിർമ്മിച്ചു നൽകുകയുണ്ടായി. അതോടെ ലോവർ പ്രൈമറി വിദ്യാലയം അപ്പർ പ്രൈമറിയായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. വിദ്യാർത്ഥികളുടെ എണ്ണം കൂടിവന്നതോടുകൂടി ഭൗതിക സാഹചര്യങ്ങൾ പരിമിതമായി. ശ്രീ രാമചന്ദ്രറാവുവിന്റെ ബന്ധുക്കളുമായി കൂടിയാലോചിച്ചതിന്റെ ഫലമായി വിദ്യാലയം സ്ഥിതിചെയ്യുന്ന സ്ഥലവും കെട്ടിടവും സർക്കാരിലേക്ക് നൽകാനും സ്കൂളിന്റെ പേര് രാമചന്ദ്രറാവു മെമ്മോറിയൽ ഗവ.യു.പി. സ്കൂൾ എന്ന് നാമകരണം ചെയ്യാനും തീരുമാനിച്ചു.

## ലക്ഷ്യങ്ങൾ

1. തുല്യതയ്ക്കും ഗുണമേന്മയ്ക്കും ഊന്നൽ നൽകിയുള്ള വിദ്യാഭ്യാസം

2. യു.പി. വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കും.

3. കലാ കായിക രംഗങ്ങളിൽ ഓരോ കുട്ടിക്കും അഭിരുചിക്കനുസരിച്ച് മികവു തെളിയിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കും

4. എൽ.കെ.ജി മുതൽ 7-ാം ക്ലാസ്സുവരെ ഓരോ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

5. അധ്യാപനവും അധ്യയനവും സർഗാത്മകതയും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## നിലവിലെ അവസ്ഥ വിശകലനം

**എ) ഭൗതീക നേട്ടങ്ങൾ**

കിഫ്ബിയിൽ നിന്നും അനുവദിച്ച 10 ലക്ഷം രൂപയുടെ സഹായത്താൽ ഓഫീസിലേയും 8 ക്ലാസ്സ് മുറികളിലേയും പഴയ ഇലക്ട്രിക്ക് ഉപകരണങ്ങൾ മാറ്റി പുതിയത് സ്ഥാപിച്ചു. അതിനോടനുബന്ധിച്ച് പെയിന്റിംഗ് വർക്ക് കൂടി നടത്തി. ഗേൾസ് ശൗചാലയത്തിന്റെ മുന്നിലും പാചകപ്പുരയുടെ മുന്നിലും പഞ്ചായത്ത് മേൽക്കൂര സ്ഥാപിച്ചിട്ടുണ്ട്. സ്കൂളിന്റെ പഴയ ബിൽഡിംഗ് നവീകരണവും പാചകപ്പുര നവീകരണവും പഞ്ചായത്തിന്റെ സഹായത്താൽ ചെയ്തു. പഞ്ചായത്തിൽ നിന്ന് സ്കൂളിലേക്കാവശ്യമായ നിരവധി പാത്രങ്ങളും ലഭിച്ചിട്ടുണ്ട്.

ബി) ഭൗതീകം - പരിമിതികൾ

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കാര്യക്ഷമമായ രീതിയിൽ IT പഠനം നടത്തുന്നതിന് ആവശ്യമായത്ര കമ്പ്യൂട്ടറുകൾ ഇപ്പോൾ നിലവിൽ ഇല്ല. മുഴുവൻ ക്ലാസുകളും സ്മാർട്ട് ക്ലാസുകൾ ആക്കുന്നതിനാവശ്യമായ പ്രൊജക്ടുകളും അനുബന്ധ സാമഗ്രികളും കുറവാണ്. കുട്ടികൾക്ക് കളിക്കാനായി സ്കൂളിന്റെ മുറ്റമല്ലാതെ സ്വന്തമായി കളിസ്ഥലമില്ല. കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള ഭോജന ശാല ഇല്ല.

### സാമൂഹിക നേട്ടങ്ങൾ

സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ പി.ടി.എയുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. വിവിധ ക്ലബ്ബുകളുടെ അകമഴിഞ്ഞ പിന്തുണയും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടിയിട്ടുണ്ട്. സ്കൂളിലെ കുട്ടികളുടെ ഗൃഹസന്ദർശനത്തിലൂടെ അധ്യാപക-രക്ഷാകർതൃ ബന്ധം സുദൃഢമാക്കുന്നതിന് സാധിച്ചു.

### സാമൂഹിക പരിമിതകൾ

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഗൃഹസന്ദർശന പരിപാടികൾ സംഘടിപ്പിച്ചിട്ടും സ്കൂൾ വികസന ഫണ്ട് വേണ്ടത്രയും സ്വരൂപിക്കാൻ പി.ടി.എ.ക്ക് സാധിച്ചിട്ടില്ല. അതുകൊണ്ട് തന്നെ വികസന പ്രവർത്തനങ്ങളും അത്യാവശ്യം ചെലവേറിയ അക്കാദമിക പ്രവർത്തനങ്ങളും മുരടിച്ച അവസ്ഥയിലാണ്.

സ്കൂളിന്റെ പ്രാന്ത പ്രദേശങ്ങളിലുള്ള എല്ലാ കുട്ടികളേയും ഇവിടേക്ക് ആകർഷിക്കുവാൻ സാധിക്കുന്നില്ല. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് കിടപിടിക്കാനുള്ള വാഹന സൗകര്യങ്ങളോ ആകർഷകമായ ഭൗതീക അന്തരീക്ഷമോ ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

**അക്കാദമിക നേട്ടങ്ങൾ**

തുടർച്ചയായി 12 വർഷങ്ങളായി പ്രവൃത്തി പരിചയമേളയിൽ സബ്ജില്ലാ ചാമ്പ്യൻഷിപ്പും രണ്ടു വർഷം റണ്ണറപ്പും നേടാൻ സാധിച്ചു. കലാമേളകളിലും സബ് ജില്ലാ തലത്തിൽ മികവ് പുലർത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്.

**അക്കാദമികം : പരിമിതികൾ**

സ്കൂൾ ഗ്രന്ഥശാലാ നവീകരിക്കേണ്ടതുണ്ട്. വിവിധ മത്സരപ്പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ലാബുകൾ നവീകരണം, ക്ലാസ്സ് ലൈബ്രറികൾ ക്രമീകീരിക്കാൻ കഴിഞ്ഞിട്ടില്ല. കലാ-കായിക-പ്രവൃത്തി പരിചയ മേഖലകളഇൽ കുട്ടികൾക്ക് പരിശീലനം നൽകാനുള്ള സാഹചര്യങ്ങൾ പരിമിതമാണ്.

## സ്കൂൾ പ്രൊഫോർമ I (Academic Year 2025-26)
## വിദ്യാർത്ഥികളുടെ അംഗ സംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യു ജില്ലയുടെ പേര്: കാസർഗോഡ് | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | RRMGUPS Keekan |
| 2. | വിലാസം | Keekan |
| 3. | ഫോൺ നമ്പർ | 04672310310 |
| 4. | ഇ-മെയിൽ വിലാസം | gupskeekan@gmail.com |
| 5. | സ്കൂൾ കോഡ് | 12238 |
| 6. | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രുണ്ടും കൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7. | സർക്കാർ/എയിഡഡ്/അൺഎയിഡഡ് | Government |
| 8. | ക്ലാസ്സ് (സ്റ്റാന്റേർഡ്) | ആരംഭം 1 അവസാനം 7 |
| 9. | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | General |
| 10. | വിദ്യാഭ്യാസഉപജില്ല | Bekal |
| 11 | വിദ്യാഭ്യാസ ജില്ല | Kanhangad |
| 12. | സ്കൂൾ സ്ഥാപിച്ച വർഷം | 1905 |
| 13. | അസംബ്ലി നിയോജക മണ്ഡലം | Udma |
| 14. | പാർലമെന്റ് നിയോജക മണ്ഡലം | Kasaragod |
| 15. | റൂറൽ/അർബൻ | Rural |
| 16. | ബ്ലോക്ക് | Kanhangad |
| 17. | താലൂക്ക് | |
| 18. | പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | Pallikkara |

വകുപ്പിന്റെ പേര്-പൊതു വിദ്യാഭ്യാസ വകുപ്പ്-ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

## ഉപസംഹാരം

മുഴുവൻ കുട്ടികളുടേയും അറിവിനേയും കഴിവിനേയും താൽപര്യത്തേയും ഉൾക്കൊള്ളുന്നതും മുന്നോട്ട് നയിക്കാൻ പര്യാപ്തവും പ്രതീക്ഷാത്മകവുമായ ഒരു മാർഗ്ഗരേഖയാണ് നമ്മുടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. കുട്ടികളുടെ പൊതുവായ സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് എല്ലാ കുട്ടികൾക്കും അക്കാദമികവും അക്കാദമികേതരവുമായ മുന്നേറ്റത്തിനുതകുന്ന പ്രവർത്തനങ്ങളാണ് നമ്മുടെ ഈ വികസനരേഖയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

**Subject: Malayalam**

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| 1. | മലയാള ഭാഷാ പഠനം രസകരവും മധുരതരവുമാക്കാൻ | **പ്രവർത്തനം : വായനാമൂല**<br>റീഡേഴ്സ് തിയേറ്റർ, വായനോത്സവം ക്ലാസ്സ് മുറികളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരണങ്ങൾ, ലേഖനങ്ങൾ എന്നിവയുടെ ശേഖരണം | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാരംഗം കലാസാഹിത്യവേദി | 2000 |
| 2. | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടൽ, രചനകൾ നവമാധ്യമ ങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | **പ്രവർത്തനം : മാഗസിൻ**<br>രചനോത്സവം കലോത്സവം വിവിധ വ്യവഹാര രൂപങ്ങളിലുള്ള കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം, പ്രകാശനം | വർഷത്തിൽ ഒന്ന് | SRG | 3000 |
| 3. | സാഹിത്യകാരന്മാരെ പരിചയപ്പെടൽ, സർഗ്ഗാത്മക രചന പരിപോഷിപ്പിക്കൽ | **പ്രവർത്തനം കവിയരങ്ങ്**<br>പ്രാദേശിക എഴുത്തുകാരെ പങ്കെടുപ്പിച്ചുകൊണ്ട് കവിയരങ്ങ് സംഘടിപ്പിക്കുക, വായനാകുറിപ്പ് തയ്യാറാക്കൽ | മൂന്നുമാസത്തിൽ ഒന്ന് | വിദ്യാരംഗം കലാസാഹിത്യവേദി ബാലസഭ | 10000 |
| 4. | കുട്ടികളിൽ സാഹിത്യാഭി രുചി വളർത്തുക | **പ്രവർത്തനം: പുസ്തക പരിചയം**<br>പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം രണ്ട് പുസ്തകം | ലൈബ്രറി കമ്മിറ്റി | 2000 |

| | | | | | |
|---|---|---|---|---|---|
| 5. | അർത്ഥപൂർണ്ണമായ എഴുത്ത് ഭാഷാശേഷി മെച്ചപ്പെടുത്തൽ | പ്രവർത്തനം: അക്ഷരക്ലിനിക്ക്<br>അക്ഷരതെറ്റുകൾ തിരുത്തുവാൻ ക്ലാസ്സിൽ ക്രമീകരിക്കുന്ന ക്ലിനിക്ക് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സിലെ കുട്ടിടീച്ചർമാർ | 2000 |
| 6. | എല്ലാ കുട്ടികളെയും അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | പ്രവർത്തനം : സർഗ്ഗവേള<br>വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാകുറിപ്പ് തയ്യാറാക്കൽ അവതരിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |
| 7. | ആശയങ്ങൾ, വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | പ്രവർത്തനം : സ്കൂൾ റേഡിയോ സ്റ്റേഷൻ<br>കുട്ടികളുടെ കലാപ്രകടനങ്ങൾ ക്ലാസ്സ്റൂം പ്രവർത്തനം, വാർത്തകൾ പൊതുവിജ്ഞാനം എന്നിവ റേഡിയോ സ്റ്റേഷൻ വഴി അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 5000 |
| 8. | ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ | പ്രവർത്തനം: മലയാളം ടൈപ്പിങ്ങ്<br>മലയാളം ടൈപ്പിങ്ങിൽ പരിശീലനം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | ഐ.ടി ക്ലബ്ബ് | 5000 |
| 9. | വിവിധ ശേഷികളുടെ വികാസം | പ്രവർത്തനം: ദിനാചരണങ്ങൾ<br>സവിശേഷ ദിനങ്ങൾ ആചിക്കൽ | ആവശ്യാനുസരണം | അധ്യാപകർ | 5000 |

# Academic Masterplan

Subject: English

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതൽ | ഓരോ ദിവസത്തേയും അനുഭവങ്ങൾ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |
| 2. | വിവിധ വ്യവഹാര രൂപങ്ങളുടെ അവതരണം | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠങ്ങളെ പാഠപുസ്തകത്തിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ (Skit, Conversation,Drama) | മാസം 1 | HM<br>ഇംഗ്ലീഷ് അധ്യാപിക | 2000<br>പി.ടി.എ |
| 3. | ഇംഗ്ലീഷ് ഭാഷ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും ഉപയോഗിക്കുന്നതിനും | ഇംഗ്ലീഷ് ഭാഷയിൽ നിർദ്ദേശം നൽകി ക്കൊണ്ടുള്ള വിവിധ ഭാഷാ കേളികൾ | ആഴ്ചയിൽ 1 | ക്ലാസ്സ് അധ്യാപകർ | |
| 4. | ഇംഗ്ലീഷ് പഠനം ലളിതവും രസകവുമാക്കുക | ഇംഗ്ലീഷ് കോർണ്ണർ<br>ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകര ണങ്ങൾ, കഥാപുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ഒരുക്കി വായന യ്ക്കുള്ള സാഹചര്യം ഒരുക്കൽ | വർഷത്തിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| 5. | ഇംഗ്ലീഷ് ഭാഷ ഒഴുക്കോടെ സംസാരിക്കുന്നതിന് | ആഴ്ചയിൽ ഒരു ദിവസം സ്കൂളിലെ അധ്യാപകനും വിദ്യാർത്ഥികളും ഇംഗ്ലീഷിൽ മാത്രം ആശയവിനിയമം നടത്തൽ | ആഴ്ചയിൽ 1 | HM,Staff | |

| | | | | | |
|---|---|---|---|---|---|
| 6. | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ ഉയർത്തൽ | സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും ഒരു പ്രവർത്തനമെങ്കിലും ഒരാൾ എന്ന നിലയിൽ പരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | വർഷം 1 ദിവസം | HM, PTA | 10000 |
| 7. | എല്ലാ കുട്ടികൾക്കും നല്ല ഇംഗ്ലീഷ് കേൾക്കാനും പറയാനുമുള്ള സാഹചര്യം ഒരുക്കൽ | ഹെഡ്സെറ്റ്, മോണിറ്റർ, പ്രൊജക്ടർ ഹോം തിയേറ്റർ, എന്ന ഉപകരണങ്ങൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് കേൾക്കുകയും പറയുകയും ചെയ്യുക | മാസം 1 | ഇംഗ്ലീഷ് അധ്യാപകർ | 20000 |
| 8. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിപ്പിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

# Academic Masterplan 2025-26

Subject: Maths

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| 1. | കുട്ടിയെ അറിയാം | പ്രീ ടെസ്റ്റ്<br>- ഗണിതത്തിൽ പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുന്നു.<br>-ഓരോരുത്തരും ഏതു മേഖലയിലാണ് പ്രയാസം നേരിടുന്നത് എന്ന് കണ്ടെത്തുന്നു<br>- ലഘു നിർദ്ധാരണ ശേഷിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ഗണിത അധ്യാപകർ | |
| 2. | ഗണിതം ലളിതമാക്കൽ<br>രസകരമാക്കൽ<br>മധുരമാക്കൽ<br>ഗുണകരമാക്കൽ | ഗണിത ക്ലബ്ബ്<br>- ഗണിത ക്ലബ്ബ് രൂപീകണം<br>- ഗണിത പ്രവർത്തനങ്ങൾ സജ്ജമാക്കൽ<br>- ഗണിത ലാബ് തയ്യാറാക്കൽ | ജൂലൈ | | |
| | | ഗണിത ലാബ്<br>പാഠഭാഗങ്ങൾക്ക് അനുയോജ്യമായ പഠനോപകരണങ്ങൾ കണ്ടെത്തി അവ തയ്യാറാക്കുകയും നിർമ്മിക്കുകയും ശേഖരിക്കുകയും ചെയ്യുന്നു<br>ഗണിത മാഗസിനുകൾ നിർമ്മിക്കുന്നു<br>1,2 ക്ലാസ്സിൽ മഞ്ചാടി സഞ്ചി തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>രക്ഷിതാക്കൾ<br>കുട്ടികൾ | 30000 |

| | | | | | |
|---|---|---|---|---|---|
| 3. | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ സ്കൂളിൽ നിന്നുതന്നെ ലഭ്യമാക്കുന്നു. (ക്രയവിക്രയങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ) | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ | 1000 |
| 4. | ശിശുസൗഹൃദപരമായി ഗണിതശേഷികൾ നേടിയെടുക്കൽ | ബിൽഡിങ് ബ്ലോക്കുകൾ, പാമ്പും കോണിയും, ഗണിത പ്രസിലുകൾ മിനിസ്റ്റോർ 1,2 ക്ലാസ്സുകളിൽ ഉല്ലാസ ഗണിതം, മൂന്ന് നാല് ക്ലാസുകളിൽ ഗണിത വിജയം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ രക്ഷിതാക്കൾ കുട്ടികൾ | 5000 |
| 5. | ഗണിതം രസകരവും മധുരതരവുമാക്കി പ്രവർത്ത നങ്ങളിൽ ഏർപ്പെടൽ | ക്ലാസ് മുറിയിൽ ഗണിത കിറ്റ് (ഓരോ കുട്ടിക്കും) ഗണിത നിഘണ്ടു, ഗണിത മൂല | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ, കുട്ടികൾ SRG, ഗണിത ക്ലബ്ബ് | 5000 |
| 6. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെ ടുത്തുന്നു | ഐ ടി സാധ്യതകളിലൂടെ ഗണിത ആശയങ്ങൾ ഐടി ഉപയോഗ പ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു | ആഴ്ചയിൽ ഒരു തവണ | ഗണിത അധ്യാപകർ | |
| 7. | ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗമിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ 1 വീതം | ക്ലാസ് ടീച്ചർ/ ഗണിത അധ്യാപകർ | |
| 8. | ഗണിതം ലളിതം | ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ മെഗാ ക്വിസ്, പതിപ്പ് പ്രകാശനം | മാർച്ച് | | |

◌

വിഷയം: അടിസ്ഥാന ശാസ്ത്രം

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| 1 | ശാസ്ത്രലാബ്/ശാസ്ത്രാഭിസജ്ജീ കരിക്കൽ രുചി വളർത്തൽ | പ്രവർത്തനം : ശാസ്ത്രലാബ് സയൻസ് ലാബിലെ ഉപകരണങ്ങൾ ഉപയോഗിക്ക് ശാസ്ത്ര പരീക്ഷണങ്ങൾ പ്രദർശിപ്പിക്കൽ ഉപകരണങ്ങൾ നിർമ്മി ക്കൽ അവയുടെ പ്രദർശനം | മാസം - 2 | സയൻസ് ക്ലബ്ബ് | പി.ടി.എ 10000 |
| 2. | കുട്ടികളിൽ ശാസ്ത്രകൗതുകം, നരീക്ഷണ പാടവം, ജിജ്ഞാസ എന്നിവ വളർത്തൽ | പ്രവർത്തനം : സയൻസ് കോർണർ സയൻസ് പ്രസിദ്ധീകരണങ്ങൾ പാഠഭാഗ വുമായി ബന്ധപ്പെട്ട പരീക്ഷണ സൗകര്യ ങ്ങൾ ഇവ ഒരുക്കൽ | ജൂൺ മുതൽ മാർച്ച് | സയൻസ് ടീച്ചർ | 2000 |
| 3. | ജീവിത നൈപുണികൾ വികസി പ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും | പ്രവർത്തനം: ശാസ്ത്ര നൈപുണി വികസനം ശാസ്ത്ര തത്വങ്ങൾ പ്രയോഗിച്ച് ഉപകരണങ്ങൾ കൈകാര്യം ചെയ്യലും നിർമ്മിക്കലും | ജൂൺ മുതൽ മാർച്ച് | ശാസ്ത്ര ക്ലബ്ബ് | 6000 |
| 4. | പരിസ്ഥിതി സൗഹൃദ മനോഭാവവും ആരോഗ്യ ശീലവും വളർത്തുക | പ്രവർത്തനം : പച്ചക്കറിത്തോട്ടം/കൃഷി ഔഷധത്തോട്ട നിർമ്മാണം, പച്ചക്കറി തോട്ടം, കർഷകരുമായി അഭിമുഖം കർഷകരെ ആദരിക്കൽ, മികച്ച കുട്ടിക്കർ ഷകരെ കണ്ടെത്തി അഭിനന്ദിക്കൽ | നവംബർ മുതൽ ജനുവരി | കൃഷിവകുപ്പ് | 5000 |

| | | | | | |
|---|---|---|---|---|---|
| 5. | പരിസ്ഥിതി സൗഹൃദ മനോഭാവം ശാസ്ത്രപഠനം രസകരമാക്കൽ | **പ്രവർത്തനം : പഠന യാത്രകൾ**<br>ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളും ശാസ്ത്ര പ്രദർശനങ്ങളും മറ്റും | വർഷം 3 തവണ | സയൻസ് ക്ലബ്ബ് | 5000 |
| 6. | ശാസ്ത്രാഭിരുചി വളർത്തുക നിരീക്ഷണ പാടവം വളർത്തുക | **പ്രവർത്തനം: ശാസ്ത്ര ക്യാമ്പുകൾ**<br>വാനനിരീക്ഷണ ക്യാമ്പുകൾ, പ്രകൃതി നിരീക്ഷണ ക്യാമ്പുകൾ ലഘുപരീക്ഷണ ക്യാമ്പുകൾ എന്നിവ സംഘഠിപ്പിക്കൽ | വെക്കേഷനുകളിൽ | SRG | PTA |
| 7. | ശാസ്ത്ര ഉപകരണങ്ങളുടെ നിർമ്മാണവും അഭിരുചി വികസനവും (സർഗാത്മകതയെ പരിപോഷിപ്പിക്കൽ) | **പ്രവർത്തനം: ശാസ്ത്രോപകരണ നിർമ്മാണ ശിൽപശാല**<br>യന്ത്രങ്ങൾ, ഉപകരണങ്ങൾ, ഇവ നിർമ്മിക്കലും അവയുടെപ്രദർശനവും ശാസ്ത്ര നാടകാവതരണ മേളകളിലെപങ്കാളിത്തവും | ജൂൺ മുതൽ മാർച്ച് (ദിനാചണങ്ങൾ) | സയൻസ് ക്ലബ്ബ് | SSA |
| 8. | പുത്തൻ ശാസ്ത്ര അറിവുകൾ പങ്കു വെയ്ക്കുന്നതിന് ശാസ്ത്രാഭിരുചി വളർത്തുന്നതിനും | ശാസ്ത്ര അറിവുകൾ കൈവരിക്കന്നതിന് മത്സരം സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് (ദിനാചരണങ്ങൾ) | സയൻസ് ക്ലബ്ബ് | 2000 |

വിഷയം: സാമൂഹ്യ ശാസ്ത്രം

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| 1. | പൊതു വിജ്ഞാന സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് | പത്രങ്ങളിലും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളിലുമുള്ള വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കൽ | രണ്ടാഴ്ചയിൽ ഒന്ന് | സോഷ്യൽ ക്ലബ്ബ് | 5000 |
| 2. | സാമൂഹ്യ ശാസ്ത്ര അറിവുകൾ അപ്ലോഡ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | ദിവസം | സോഷ്യൽ ക്ലബ്ബ് | 2000 |
| 3. | സമൂഹത്തിന്റെ മുന്നോട്ട് പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് | **ബോധവൽക്കരണ പരിപാടികൾ**<br>മഴക്കാല രോഗങ്ങൾ, പകർച്ച വ്യാധികൾ, ജലസംരക്ഷണ വിഷയങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ | | | 5000 |
| 4. | ദിനാചരണങ്ങൾ, പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കുക. | **പതിപ്പുകൾ**<br>ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കുന്നു | ഓരോ മാസത്തിലും | സോഷ്യൽ സയൻസ് ടീച്ചർ | 2000 |

| | | | | | |
|---|---|---|---|---|---|
| 5. | ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക | **സാമൂഹ്യ പശ്ചാത്തല അറിവ്**<br>വിദ്യാലയത്തിലെ കുട്ടികളുടെ സാമൂഹ്യ ചുറ്റുപാടുകൾ മനസ്സിലാക്കുന്നതിന് സർവ്വെ നടത്തുക | ജൂലൈ | സോഷ്യൽ സയൻസ് ടീച്ചർ | 2000 |
| 6. | സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിന് | **ശേഖരണം**<br>പുരാതന വസ്തുക്കൾ ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി മ്യൂസിയം ആരംഭിക്കൽ | ജൂൺ<br>മാർച്ച് | ഹെഡ്മാസ്റ്റർ<br>പി.ടി.എ | 25000 |
| 7. | ജനാധിപത്യ വേദികൾ ഒരുക്കുക | **സ്കൂൾ പാർലമെന്റ്**<br>ജനാധിപത്യ രീതിയിൽ തെരെഞ്ഞെടുപ്പ് നടത്തുന്നു. ഭാരവാഹികളുടെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് ചേരുന്നു | ഓരോ ടേമിലും | SRG<br>ക്ലാസ് ടീച്ചർ | 2000 |
| 8. | പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | **പഠനയാത്രകൾ**<br>സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളഇൽ നടത്തുന്ന പഠനയാത്രകൾ | മൂന്നുമാസത്തിൽ ഒന്ന് | ക്ലാസ്സ് അധ്യാപകർ | സ്പോൺ സർഷിപ്പ് |
| 9. | വിവിധതരം കലകൾ നേരിട്ട് അനുഭവവേദ്യമാക്കൽ | വിവിധ കലാകാരന്മാരെ സ്കൂളിലേക്ക് ക്ഷണിച്ച് കലാപരിപാടികൾ അവതരിപ്പിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | പി.ടി.എ | 10000 |

വിഷയം: അറബിക്

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| 1. | അറബി ഭാഷ പഠിക്കാനും സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക | -പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>- വാചകങ്ങൾ നിർമ്മിക്കൽ | 2 മാസം | ലൈബ്രറി | പുസ്തകങ്ങൾ<br>വർക്ക് ഷീറ്റുകൾ |
| 2. | ക്ലാസ്സുകളഇൽ ഭാഷാന്തരീക്ഷം ഒരുക്കുക | **വായനാ വസന്തം**<br>- വായനാ മത്സരം<br>- ഭാഷാകളികൾ | 6 മാസം | ലൈബ്രറി | പുസ്തകങ്ങൾ |
| | | **എഴുത്തുത്സവം**<br>- പതിപ്പുകളുടെ നിർമ്മാണം<br>- പോസ്റ്ററുകൾ തയ്യാറാക്കൽ<br>- ഭാഷാകളികൾ | 12 മാസം | | പുസ്തകങ്ങൾ |

വിഷയം: കലാ വിദ്യാഭ്യാസം

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| | കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | **പ്രവർത്തനം : സർഗ്ഗവേദി**<br>ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ്ഗവേദി നടത്തൽ<br>നേതൃത്വം : വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT<br>SRT | 1000 |
| | ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | **പ്രവർത്തനം: പ്രകടന വേദികൾ**<br>സ്കൂൾ റേഡിയോ സ്റ്റേഷൻ, അസംബ്ലി സർഗ്ഗവേദി മുതലായവ | ജൂൺ, മാർച്ച്<br>CT | SRG | 2000 |
| | കലകളോടുള്ള ആഭിമുഖ്യം വളർത്തൽ | **പ്രവർത്തനം: കലാ പ്രദർശനം**<br>കലാകാരന്മാരെയും കലകളെയും പരിചയപ്പെടുത്തുന്നു. | വർഷത്തിൽ 2 തവണ | SRG<br>PTA | 15000 |

വിഷയം: കായിക വിദ്യാഭ്യാസം

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| | അന്യം നിന്നുപോകുന്ന നാടൻ കളികളെ പരിചയ പ്പെടുത്തൽ, പരിശീലിപ്പിക്കൽ | **പ്രവർത്തനം : നാടൻ കളികൾ പരിചയപ്പെടുത്തൽ**<br>P.T പിരീഡുകളിൽ വിവിധ നാടൻ കളികൾ പരിശീലിപ്പിക്കുന്നു. | ആഴ്ചയിൽ അതാത് ക്ലാസ്സ് P.Tപിരീഡുകളിൽ | കായികാദ്ധ്യാപകൻ മറ്റ് അധ്യാപകർ | 1000 |
| | കായികശേഷി വികസിപ്പിക്കൽ | **പ്രവർത്തനം: യോഗാക്ലാസ്സ്, കരാട്ടെ ക്ലാസ്സ്**<br>യോഗാചാര്യന്മാരെയും, വിദഗ്ദ്ധരായ കരാട്ടെ പരിശീലകരെയും ഉപയോഗ പ്പെടുത്തി പരിശീലന ക്ലാസുകൾ | മാസത്തിൽ 2 തവണ | PTA അധ്യാപകർ | 15000 |
| | കായിക വിദ്യാഭ്യാസത്തിനുള്ള അവസരം ഒരുക്കൽ കുട്ടികളുടെ അഭിരുചിയുടെ അടിസ്ഥാനത്തിൽ ഇഷ്ട മേഖലകളിൽ പരിശീലനം | **പ്രവർത്തനം: കായിക പരിശീലനം**<br>ഫുട്ബോൾ, ക്രിക്കറ്റ്, ഷട്ടിൽ ചെസ്സ്, കരാട്ടെ | ജൂൺ/മാർച്ച് | PTA<br>SRG | 15000 |

വിഷയം: പ്രവൃത്തി പരിചയം

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| | ആർജ്ജിത ശേഷികളുപയോഗപ്പെടുത്തി പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കുന്നു | **പ്രവർത്തനം : പഠനോപകരണ നിർമ്മാണം** പ്രവൃത്തി പരിചയ പരിശീലകയുടെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | 2 മാസത്തിൽ ഒന്ന് | പ്രവൃത്തി പരിചയ അധ്യാപിക | |
| | കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കൽ | **പ്രവർത്തനം : മേളകൾ** കുട്ടികൾക്ക് താൽപര്യവും നൈപുണിയുമുള്ള ഇനങ്ങളിൽ പ്രത്യേക സമയം കണ്ടെത്തി പരിശീലനം നൽകുന്നു | ആവശ്യാനുസരണം | CPTA<br>SRG | |

വിഷയം: സാമൂഹ്യ പങ്കാളിത്തം

| Sl.No Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|
| സ്കൂളും രക്ഷിതാക്കളും സമൂഹവുമായുള്ള ബന്ധം ദൃഢമാക്കൽ | രക്ഷിതാക്കളുടെ മോണിറ്ററിംഗ്, പി.ടി.എ യോഗങ്ങൾ, അമ്മവായന രക്ഷിതാക്കളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം, ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളുടെ സാന്നിധ്യം ഉറപ്പാക്കൽ<br>ഉച്ചഭക്ഷണ പരിപാടിയിൽ പങ്കാളിത്തം ഉറപ്പാക്കൽ | | | |

വിഷയം: ഭിന്നശേഷിക്കാർ -വിദ്യാലയ സമീപനം

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| 1 | പഠന വൈകല്യമുള്ളവരെ തിരിച്ചറിയുക, അവരുടെ വൈകല്യങ്ങൾക്കനുസരിച്ച് പഠന പ്രവർത്തനങ്ങൾ ലഘൂകരിക്കുക | പ്രത്യേക ക്യാമ്പുകൾ, ശിൽപശാലകൾ കലാമത്സരങ്ങൾ, എന്നിവ നടത്തുക. RP മാരുടെ സേവനം ലഭ്യമാക്കുക, വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് അനുയോജ്യമായ പ്രവർത്തനങ്ങൾ RP മാരുടെ സഹായത്തോടെ കണ്ടെത്തി നടപ്പിലാക്കുക | ജൂൺ - മാർച്ച് | BRC | 5000 |

വിഷയം: പഠന നേട്ടങ്ങൾ വിലയിരുത്തൽ

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| 1 | ഓരോകുട്ടിയും നേടേണ്ട പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പ് വരുത്തൽ | പാഠാനുബന്ധ പഠനനേട്ടങ്ങൾക്കും ക്ലാസ്സിൽ ചാർട്ടുചെയ്യൽ രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ അതനുസരിച്ചുള്ള പഠന പ്രവർത്തനങ്ങൾ നടത്തൽ, യൂണിറ്റ് ടെസ്റ്റ്, എന്നിവയുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പരിഹാര ബോധനം തുടർ പ്രവർത്തനങ്ങൾ | | | |

വിഷയം: ക്ലാസ്സ് പി.ടി.എ. കലണ്ടർ

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| 1 | പ്രീ-പ്രൈമറി വിദ്യാഭ്യാസം ശാക്തീകരണം | കുട്ടികൾക്കാവശ്യമായ ഭൗതീക അക്കാദമിക സാഹചര്യം ഒരുക്കൽ. കളിപ്പാട്ടം, സർഗാത്മകത വികസിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ - ബാലോത്സവം | ജൂൺ മാർച്ച് | പി.ടി.എ | 5000 |
| 2. | കുട്ടികളുടെ പഠന നേട്ടം വിലയിരുത്തൽ CPTA മീറ്റിംഗ് | CPTA കൃത്യമായി അജണ്ട വെച്ച് പ്രതിമാസം ചേരൽ. പഠനപുരോഗതി വിലയിരുത്തൽ, മികവുകളുടെ അവതരണം, അച്ചടക്കം, ശുചിത്വം, പൊതുചർച്ച | എല്ലാ മാസവും | ടീച്ചർ | |

**TALENT LAB**

| Sl.No | Goal | Activity | Duration | Support/Charge | Resource |
|---|---|---|---|---|---|
| 1 | കുട്ടികളിൽ അന്തർലീനമായി രിക്കുന്ന തൊഴിലധിഷ്ഠിത നൈപുണികൾ തിരിച്ചറിയൽ | പ്രവൃത്തി പരിചയ പഠനത്തിൽ താൽപര്യ മുള്ള കുട്ടികളെ കണ്ടെത്താനായി സ്കൂൾതല പ്രവൃത്തി പരിചയമേള സംഘടിപ്പിക്കൽ | ജൂൺ | PTA | PTA |
| 2. | പ്രത്യേക മേഖലയിൽ നൈപുണികളുള്ള കുട്ടികൾക്ക് | സ്പെഷ്യലിസ്റ്റ് അധ്യാപകർ, പ്രത്യേക മേഖലയിൽ പ്രാവീണ്യമുള്ള മറ്റുള്ളവർ എന്നിവരുടെ സഹായത്തോടെ പരിശീലനം നൽകൽ | ജുലൈ സപ്തംബർ | PTA | 5000 |
| 3. | സ്വയം തൊഴിൽ പരിശീലിപ്പിക്കൽ | പ്രവൃത്തി പരിചയ മേളയുടെ ഭാഗമായുണ്ടാകുന്ന ഉൽപന്നങ്ങളുടെ പ്രദർശനവും, വിൽപനയും | ഡിസംബർ | | |
| 4. | Motivation class, IT class | For teachers empowerment | | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കകൾ എഴുതിയ കാർഡുകൾ.<br>• വാക്കകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| **2** | **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.)** | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| **3** | **ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി)** | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

## भूमिका :-

केरल राज्य शिक्षा के क्षेत्र में काफी आगे हैं। इस कार्य में अध्यापकों की भागीदारी बहुत बड़ी है। हिंदी भारत की राष्ट्रभाषा है। हिंदी भाषा भारत की आत्मा है। केरल के विद्यालयों में भी हिंदी भाषा को उतना ही महत्व देकर पढाते हैं। उसकी श्रेष्ठता बनाए रखने का काम हम अध्यापकों पर निर्भर है। हर विद्यालय का अपना - अपना स्तर होता है। हमारे विद्यालय में जो साधन उपलब्ध है उसकी सहायता से हम बच्चों को पूरी शिक्षा का माहौल प्रदान करने की कोशिश में है।विद्यालय का माहौल और पाठ्य प्रक्रिया को मजेदार करके ही हम इस शैक्षिक प्रक्रिया को सफल बना सकेंगे। छात्रों की भागीदारी उसमें होनी चाहिए। कक्षा-कार्य के साथ छात्रों की कला - अभिरुचि को बढ़ावा देना भी जरूरी है। शिक्षा संबंधी कार्यों को शुस्थिर बनाने के लिए हमें विद्यालय के पुस्तकालय ह्का उचित उपयोग भी करना है। साथ ही अध्यापकों को 11 का उचित उपयोग करने की खूबी भी होनी चाहिए।

# विद्यालय की खूबी

## खूबी

1.पड़ने का अच्छा माहौल
2.पुष्ठाकलाय
3.कम्प्यूटर लाब
4.यात्रा सुविधा
5.स्मार्ट क्लास रूम
6.श्रेष्ट अध्यापक गण

| महीना | गतिविधियाँ |
| --- | --- |
| 1.जून 5 पर्यावरण दिवस | 1.पेड़ पौधों का वितरण,पोस्टर,प्रतिज्ञा |
| 2.जून 19 वाचन दिवस | 2.वाजन कार्ड का वाजन,पोस्टर,उद्घोषण |
| 3.जून 26 लोक नश-निषेध दिवस | 3.पोस्टर ,प्रतिज्ञा,नारे,भाषण |
| 4.जुलाई 31 मुंशी प्रेमचंद जयंती | 4.पोस्टर ,पेंसिल ड्राइंग |
| 5.अगस्त 15 स्वतंत्रता दिवस | 5.पोस्टर देश भक्ति गीत ,संकेत पट |
| 6 .सितम्बर 5 अध्यापक दिवस | 6.भाषण,पोस्टर,टिप्पणी लेखन,प्रश्नोत्तरी,चित्र रचना |
| 7.सितम्बर 14 हिंदी दिवास | 7.पोस्टर,कविता रचना ,नाटक,चित्र रचना ,पत्र रचना ,कवितालापन |
| 8.ओक्टुबर 2 गांधी जयंधी | 8.पोस्टर,भाषण,पेंसिल ड्राइंग |
| 9.नवंबर 1 केरल का जन्मदिन | 9.पोस्टर,केरल से संबधित गीत सुनाना, केरल के नक्शे की रचना |
| 10.नवंबर 14 बाल दिवस | 10.नेहरू टोपी निर्माण,पोस्टर |
| 11.दिसंबर 25 क्रिस्थमास | 11.क्रिस्थमास कार्ड निर्माण |
| 12.जनवरी 26 गणतंत्र दिवस | 12.पोस्टर ,भाषण,ड्राइंग्स |

# उपसंहार

उपर्युक्त गतिविधियों के आधार पर विद्यालय में स्तरानुकूल कार्यक्रम चलाएँगे। हरेक छात्र की भागीदारी का ख्याल रखेंगे। हिंदी भाषा का पोषण करने के लिए विद्यालय में दिनाचरण के अक्सर का पूरा फायदा उठाएँगे। साथ ही पाठ्य प्रक्रिया का भी उचित प्रयोग करेंगे। इन प्रयोगों का एक ही लक्ष्य है- हिंदी भाषा का आर्जन।

# अकादमिक मास्टर प्लान

1. छात्रों को स्कूल वातावरण की ओर लाना है।
2. अपनी पसंद के अनुसार पठाई प्रक्रियाओं में भाग लेने का अवसर देना ।
3. ज्ञानवर्धक किताबों का वाचन ।
4. भिन्न भिन्न विषयों का क्लब रुपीकरण ।

विछडे छात्रों को आगे लाने की प्रक्रिया देना ।
गतिविधियों को सरल बनकर देना

5. विशेष दिनों का आचरण करना |
6. शारीरिक और मानसिक रूप में विकल्प बच्चे जो स्कूल में ना आते उसको छोटी छोटी वीडियो द्वारा क्लास देना |
7. हिंदी भाषा की विकास के लिए लेखन, वाचन आदि को अधिक अवसर देना

डिजिटल माध्यमों का उपयोग करना ।
सरल, रसीली और आकर्षक किताबे वाचन करने का अवसर देना ।